പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7044 13.07.2012-ൽ മറുപടിയ്ക്ക്

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിലെ പുതിയ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് പുതിയ കോഴ്സുകൾ നടത്തുന്നതിനായി കൺസൾട്ടന്റുമാരെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ ; | (എ) ഉണ്ട്. കിറ്റ്സ് ഇപ്പോൾ ഹ്രസ്വകാല കോഴ്സുകളും തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനവും നടത്താത്ത മേഖലയിൽ പുറമേ നിന്നുള്ള പ്രഗത്ഭർ/ ഏജൻസികളുടെ സേവനം വിനിയോഗിച്ച് കോഴ്സുകളും തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനവും നടത്താൻ 2012 ഏപ്രിൽ 11-ന് നടന്ന കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകുകയും ഇതനുസരിച്ച് 2012 മെയ് മാസം 4-ാം തീയതി മലയാള മനോരമ, ടൈംസ് ഓഫ് ഇന്ത്യ എന്നീ പത്രങ്ങളിൽ കോഴ്സുകൾ നടത്താൻ ടെക്നിക്കൽ കൺസൾ-ട്ടന്റുമാരിൽ നിന്നും താല്പര്യം ഉന്നയിച്ചുകൊണ്ട് പരസ്യം നൽകുകയും ചെയ്തു. തുടർന്ന് സമർപ്പിക്കപ്പെട്ട ടെക്നിക്കൽ/ഫിനാൻഷ്യൽ ബിഡിന്റെ അടിസ്ഥാനത്തിൽ കിറ്റ്സ് ഇപ്പോൾ കോഴ്സുകൾ നടത്താത്ത ട്രാവൽ, ഹോസ്പിറ്റാലിറ്റി, ബിസിനസ് മേഖലയിൽ കോഴ്സുകളും പരിശീലനവും നടത്താൻ 'എക്സ്ട്രീം മൾട്ടി മീഡിയ ടെക്നോളജി (ക്ലിപ്തം)' എന്ന കൺസൾട്ടന്റുമായി |

ധാരണയിലെത്തി. പ്രധാനപ്പെട്ട ടൂറിസം, ഹോസ്പിറ്റാലിറ്റി, ബിസിനസ് കമ്പനികളിൽ പരിശീലനവും തൊഴിലവസരവും ലഭ്യമാകുന്നതിനു വേണ്ടി ധാരണയിൽ (MOU) എത്തിയിട്ടുള്ള ദേശീയ അന്തർദേശീയ തലത്തിൽ പരിചയ സമ്പത്തുള്ള പങ്കാളികളുമായി ചേർന്നാണ് എക്സ്ട്രീം പ്രവർത്തിക്കുന്നത്.

| | |
|---|---|
| (ബി) ഏതെല്ലാം സ്കിൽ ഡവലപ്മെന്റ് കോഴ്സുകൾ, 'കിറ്റ്സി'ന്റെ ഏതെല്ലാം ക്യാമ്പസുകളിൽ നടത്താനാണ് കൺസൾട്ടന്റിനെ കണ്ടെത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) ടെക്നിക്കൽ കൺസൾട്ടന്റും അവരുടെ വ്യവസായ പങ്കാളിയുമായി ചേർന്ന് കുട്ടികളുടെ ലഭ്യത അനുസരിച്ച് കിറ്റ്സിന്റെ എറണാകുളം, തലശ്ശേരി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ താഴെപറയുന്ന ആറ് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.<br>1. അഡ്വർടൈസ്മെന്റ് ആന്റ് ബ്രാന്റ് മാനേജ്മെന്റ് ഇൻ ഹോസ്പിറ്റാലിറ്റി<br>2. എയർപോർട്ട് ഓപ്പറേഷൻ<br>3. കാർഗോ മാനേജ്മെന്റ്<br>4. റീട്ടെയിൽ മാനേജ്മെന്റ്<br>5. ലോജിസ്റ്റിക് മാനേജ്മെന്റ്<br>6. സ്പാ മാനേജ്മെന്റ്<br>കിറ്റ്സും കൺസൾട്ടന്റുമായുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കുന്ന കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) 'കിറ്റ്സ്' നിലവിൽ നടത്തിവരുന്ന ഏതെല്ലാം സ്കിൽ ഡവലപ്മെന്റ് കോഴ്സുകളാണ് പദ്ധതിയുടെ ഭാഗമായി മാറുക എന്ന് വ്യക്തമാക്കുമോ ; | (സി) നിലവിലുള്ള കിറ്റ്സിന്റെ കോഴ്സുകൾ ഈ പദ്ധതിയുടെ ഭാഗമായി കൺസൾട്ടന്റിന് നൽകാൻ ഉദ്ദേശമില്ല. |

| | | | |
|---|---|---|---|
| (ഡി) | 'കിറ്റ്സിന്' നേരിട്ട് പുതിയ സ്കിൽ ഡവലപ്മെന്റ് കോഴ്സുകൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ് ? | (ഡി) | ടൂറിസം വ്യവസായത്തിൽ ഉയർന്നു വരുന്ന കൂടുതൽ തൊഴിലവസരങ്ങൾ കണക്കിലെടുത്താണ് കിറ്റ്സ് നടത്താത്ത മേഖലയിൽ പുതിയ കോഴ്സുകൾ നടത്താനായി കൺസൾട്ടന്റുമായി ധാരണയുണ്ടാക്കിയത്. മേൽപ്പറഞ്ഞ പുതിയ കോഴ്സുകൾ നടത്താൻ പ്രത്യേക വൈദഗ്ദ്ധ്യം നേടിയ അധ്യാപകർ വേണം. ഇപ്പോൾ ഈ മേഖലയിൽ കിറ്റ്സിൽ അധ്യാപകരില്ലാത്തതും വ്യവസായ പരിശീലനം, കുട്ടികൾക്ക് തൊഴിൽ ലഭ്യത തുടങ്ങിയവ ഉറപ്പാക്കുവാൻ നിലവിൽ കിറ്റ്സിന് ദേശീയ - അന്തർദേശീയ തലത്തിൽ പ്രധാന ടൂറിസം, ഹോസ്പിറ്റാലിറ്റി, ബിസിനസ് കമ്പനികളുമായി ധാരണ (MOU) ഇല്ലാത്തതുമാണ് ഇത്തരത്തിൽ ഒരു ധാരണ ഉണ്ടാക്കിയതിനു കാരണം. |

സെക്ഷൻ ഓഫീസർ